**Weekly Devotion - March 2019**

# Lamentation of Zion in heart

# (സീയോന്റെ ഹൃദയവിലാപം)

**“Gods’ love is like an ocean;**
**you can see its beginning, but not its end” - Rick Wareen**




ദൈവസ്നേഹത്തോട് തുല്യമായി കരുതുവാൻ വേറെ ആരുടെയും സ്നേഹം പര്യാപതമല്ല. രണ്ട് സാഹചര്യത്തിൽ പ്രവർത്തിച്ച ദൈവസ്നേഹം നമുക്ക് ഒന്ന് മനസ്സിലാക്കാം.

8-2-2019ൽ മലയാള മനോരമ ദിനപ്പത്രത്തിലെ ഒരു തലക്കെട്ട് ഇപ്രകാരമായിരുന്ന. അന്ന് ഉപേക്ഷിച്ച ചോരക്കുഞ്ഞ് ഇന്ന് സ്വിറ്റ്സർലൻഡിൽ എം.പി. അമ്മ ഉപേക്ഷിച്ചു എങ്കിലും ഉപേക്ഷിക്കാത്ത ദൈവകരമാണ് അവനായുള്ള സംരക്ഷകരെ ആ ആശുപത്രിയിലെത്തിച്ചത്, പ്രൊട്ടസ്റ്റന്റ് മാതാപിതാക്കളുടെ ഓമന മകനായി വളർന്നവൻ നിക്ക്ളൗസ് സാമുവേൽ ഗുഗ്ഗർ എന്ന പേരിലാണ് അറിയപ്പെട്ടത്. ഇന്ന് അദ്ദേഹം പ്രൊട്ടസ്റ്റന്റ് ക്രിസത്യൻ പാർട്ടിയുടെ എം.പി ആയി മാറി. അമ്മ ഉപേക്ഷിച്ചപ്പോൾ കരുതിയ സ്വർഗ്ഗീയ പിതാവിനെ ഇവിടെ കാണുന്നു

എന്നാൽ കുഞ്ഞിനെ രക്ഷിപ്പാൻ അമ്മയ്ക്ക് ശക്തി നൽകിയ ഒരു സംഭവം ഒരിക്കൽ വായിക്കുകയുണ്ടായി. കുടിലിന്റെ വരാന്തയിൽ തൊട്ടിലിൽ കുട്ടിയെ ഉറക്കികിടത്തിയിട്ട് വെള്ളം കോരുവാൻ പോയ മാതാവ് കേട്ടത് വലിയ ഒരു കഴുകൻ കുട്ടിയെ തട്ടി എടുത്ത് വലിയ ഒരു പാറയിലേക്ക് പോയി എന്നാണ്. കഴുകന്മാരുടെ താവളമായ ആ പാറയുടെ മുകളിൽ കയറി കുട്ടിയെ രക്ഷിക്കവാൻ അവിടെ കൂടിയ ഗ്രാമവാസികൾ ആരും തയാറായില്ല. എന്നാൽ ആ മാതാവ് ധൈര്യത്തോടെ മുകളിൽ കയറി കുഞ്ഞുമായി മടങ്ങിവന്നു. ഇതാണ് മാതൃസ്നേഹം. ആ സ്നേഹമാണ് അപകടം അവഗണിച്ച് മലകയറുവാനുള്ള ധൈര്യം അവൾക്ക് നൽകിയത് . ആ ധൈര്യവും കരുതലും അവളിലേക്ക് പകർന്ന് അവളെ ശക്തയാക്കിയത് ദൈവസ്നേഹമാണ്. മാതൃ സ്നേഹത്തേക്കാൾ വലുതാണ് കാൽവറി സ്നേഹം.

യെശ : (49:4)ൽ സീയോന്റെ വിലാപം കാണുവാൻ കഴിയും. യിസ്രായേലിനെ ഗർഭം മുതൽ വിളിച്ച് വേർതിരിച്ചതാണ്, വാഗ്ദത്തം ലഭിച്ചവന്, സ്വപ്നമുള്ളവന് ശത്രുവിന്റെ പോരാട്ടമുണ്ടാകും. അവിടെ വിലപിക്കകയല്ല വേണ്ടത് സ്വപ്ന സാക്ഷാത്കാരത്തിന് യോസഫിന്റെ കാത്തിരിപ്പാണ് ആവശ്യം. പ്രതികൂലത്തിൽ തകരാത്തവർ വളരെ ചുരുക്കമാണ്

പ്രവാസികളായ യിസ്രായേൽ ജനം (സീയോൻ) യഹോവ അവരെ കൈവിട്ടു എന്ന് കരുതി വിലപിക്കുന്നു (യെശ:49:14) പരീക്ഷണഘട്ടങ്ങൾ കൂടി കടക്കുന്ന ഏതൊരു വിശ്വാസിയുടെയും അനുഭവമാണിത്. സകലതും നഷ്ടപ്പെട്ടു, എന്തു ചെയതാലും അതും എത്ര വിശ്വസ്തതയോടെ കഷടപ്പെട്ടാലും

കരുതുന്നതെല്ലാം ശത്രു നഷ്ടപ്പെടുത്തുമ്പോൾ കരയാത്തവരും കരയും, തകരാത്തവരും തകരും. ഈ അദ്ധ്യായത്തിൽ ഒരു വലിയ സത്യം കാണാം. യിസ്രായേൽ അറിയാതെ തന്നെ കർത്താവ് അവർക്കായി കരുതുന്നു.

യിരെ:(31:16)ൽ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു "കരയാതെ നിന്റെ ശബ്ദവും, കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക, നിന്റെ പ്രവർത്തിക്ക് പ്രതിഫലമുണ്ടാകും"

പ്രതികൂലത്തിൽ കൂടി കടന്നു പോകുന്ന, പരീക്ഷണഘട്ടങ്ങളിൽ എല്ലാവരും കണ്ടും കാണാതെയും പോകുന്നു എന്ന് കരുതുന്നവരോട് ദൈവം നൽകുന്ന വാഗ്ദത്തങ്ങൾ ശ്രദ്ധിക്കുക. ഒന്നാമതായി താൻ പ്രസവിച്ച കുഞ്ഞിനെ ഒരു സ്ത്രീ മറക്കുമോ? അവർ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല എന്ന് ആശ്വാസ വാക്കുകൾ ലഭിക്കുന്നു. രണ്ടാമതായി ഞാൻ നിന്നെ ഉള്ളം കയ്യിൽ വരച്ചിരിക്കുന്നു എന്ന കരുതലിന്റെ വാക്കുകളാണ് അരുളിച്ചെയ്തത് (ഒരു യഹൂദൻ താൻ പ്രതിനിധീകരിക്കുന്ന പട്ടണത്തിന്റെയോ, യെറുശലേം ദേവാലയത്തിന്റെയോ ചിത്രം ഉള്ളം കയ്യിൽ വരയക്കുക എന്നുള്ളത് അന്നത്തെ ഒരു രീതി ആയിരുന്നു). യഹോവ തന്റെ ജനത്തിന്റെ കഷ്ടത കണ്ട്, നിലവിളി കേട്ട്, സങ്കടങ്ങൾ അറിഞ്ഞ്, അവരെ ഞെരുക്കുന്ന മിസ്രേമ്യരുടെ കയ്യിൽ നിന്നും രക്ഷിപ്പാൻ ഇറങ്ങിവന്നവനാണ്. യഹോവ തന്റെ ആടുകളെ എപ്രകാരം സംരക്ഷിക്കുമെന്നത് യോഹ:(10:26- 29) വരെയുള്ള വാക്യങ്ങളിൽ വ്യക്തമാക്കുന്നു.

മൂന്നാമതായി നിന്റെ മതിലുകൾ എല്ലായ്പ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു എന്ന പ്രസതാവനയാൽ നമ്മെ അവൻ ധൈര്യപ്പെടുത്തുന്നു. അതായത് നാം എപ്പോഴും അദ്ദേഹത്തിന്റെ നോട്ടത്തിൻ കീഴാണ്. Read യെശ(49:15-16)

യഹോവയുടെ നോട്ടത്തിൽ കീഴിലായ നമ്മെ ശത്രുവിന് ഒന്നും ചെയ്യുവാൻ കഴിയുകയില്ല കാരണം കൂടാതെ ഉപദ്രവിച്ചവരും, നശിപ്പിച്ചവരും, നിന്നെ ശൂന്യമാക്കുവാൻ ശ്രമിച്ചവരും വിട്ടോടിപ്പോകുക തന്നെ ചെയ്യും. ഒരു വഴി വന്നവർ ഏഴുവഴിയായി ഭയന്നോടും കുഞ്ഞുങ്ങളെ ഭയംവേണ്ട, വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ മാത്രംമതി.

അതേ! നമ്മുടെ അനുഗ്രഹം വന്നു തുടങ്ങിയത് ഇപ്പോൾ മാത്രമാണ് നാം കണ്ടത്. സ്ഥലം പോരാതവണ്ണം അനുഗ്രഹിക്കുന്ന ദൈവസ്നേഹം വർണ്ണിക്കുവാൻ വാക്കുകൾ പോരാതെവരും. ഈ അവസരത്തിൽ സീയോൻ ഹൃദയത്തിൽ പറയുകയാണ് ഞാൻ ഒന്നും ഇല്ലാത്ത അവസ്ഥയിലായിരുന്നല്ലോ, ആരാണ് എനിക്കുവേണ്ടി ഇതെല്ലാം കരുതിയത്, പ്രീയരേ! നമുക്ക് ലഭിക്കുന്ന നന്മകളുടെ പരമ്പര കാണുമ്പോൾ, നന്ദിയോടെ നമുക്കായി ചെയ്ത നന്മകൾക്ക് അവന് സ്തുതി പാടാം. കർത്താവ് നമ്മെ അതിനായി ഒരുക്കട്ടെ. കാത്തിരുന്ന് ശക്തി പ്രാപിപ്പാൻ ദൈവം ബലപ്പെടുത്തട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind